**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4398     25.06.2019 -ൽ മറുപടിക്ക്**

**ഉള്ളൂർ മേൽപ്പാലം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ലൈറ്റ് മെട്രോ നിർമ്മാണത്തിന്റെ ഭാഗമായി ഉള്ളൂർ ജംഗ്ഷനിൽ നിർമ്മിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന മേൽപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (എ) | ഉള്ളൂർ ജംഗ്ഷനിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന മേൽപ്പാലത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. മേൽപ്പാലത്തിനുള്ള സോഷ്യൽ ഇംപാക്റ്റ് പഠനം പൂർത്തിയാക്കുകയും, ഇതു സംബന്ധിച്ച റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തു. സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) | ഇതിന്റെ സോഷ്യൽ ഇംപാക്ട് സ്റ്റഡി പൂർത്തിയാക്കിയിട്ടുണ്ടോ; എത്ര കോടി രൂപയാണ് മേൽപ്പാലം നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ളത്; | (ബി) | ഉള്ളൂർ മേൽപ്പാല നിർമ്മാണത്തിനായുള്ള സോഷ്യൽ ഇംപാക്റ്റ് പഠനം പൂർത്തിയായിട്ടുണ്ട്. ഉള്ളൂർ മേൽപ്പാല നിർമ്മാണത്തിനാവശ്യമായ തുക കിഫ്ബിയിൽ നിന്ന് അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 77.15 കോടി രൂപയാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക. |
| (സി) | ഉള്ളൂർ ജംഗ്ഷനിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുവാൻ ഇതിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുമോ എന്ന് വെളിപ്പെടുത്താമോ? | (സി) | സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**